# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ – 695035

ഫോൺ :0471 – 2302490 ഫാക്സ്: 0471 – 2303025/2303080

**ഇ-മെയിൽ** : dhskerala@gmail.com

**വെബ്സൈറ്റ്**:www.dhs.kerala.gov.in

**നം: എം.സി.5/98962/17/ആ.വ.ഡ.** **തീയതി :06/02/2018**

പ്രേഷകൻ
ആരോഗ്യവകുപ്പ് ഡയറക്ടർ.
തിരുവനന്തപുരം.

സ്വീകർത്താവ്
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/
തൃശ്ശൂർ/ പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്

സർ,

വിഷയം:- ആ.വ.ഡ – സർക്കാർ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ നടത്തുന്ന ഡിപ്ലോമ/ഡിഗ്രി/കോഴ്സുകൾ പഠിച്ച് വരുന്നവർക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം/ഇന്റേൺഷിപ്പ് നൽകുന്നത് – സംബന്ധിച്ച്:-

സൂചന:- 6.11.2017 ൽ Kerala Govt. Optometrics Association ന്റെ പരാതി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും, അംഗീകൃത സ്വകാര്യസ്ഥാപനങ്ങളിലും നടത്തുന്ന ഡിപ്ലോമ / ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ പരിശീലനം / ഇന്റേൺഷിപ്പ് എന്നിവ താഴെപ്പറയുന്ന വ്യവസ്ഥകളോടുകൂടി അനുവദിയ്ക്കാവുന്നതാണ്.

1. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ, സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ (ഡിഗ്രി / ഡിപ്ലോമ) പൂർത്തിയാക്കിയവർക്ക് മാത്രമേ പരിശീലനം / ഇന്റേൺഷിപ്പ് എന്നിവ നൽകുവാൻ പാടുള്ളു.

   (ഭാരത് സേവക് സമാജ് (BSS), ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI), IGNOU തുടങ്ങിയ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്ന ഡിഗ്രി / ഡിപ്ലോമ കോഴ്സുകൾ കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നും, കേരളാ പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും ഉറപ്പ് വരുത്തേണ്ടതാണ്.)

4400

2. ഏത് സ്ഥാപനത്തിലാണോ പരിശീലനം / ഇന്റേൺഷിപ്പ് എന്നിവയ്ക്കായി പരിശീലനാർത്ഥി തെരഞ്ഞെടുക്കുന്നത് പ്രസ്തുത സ്ഥാപനമേധാവിയുടെ അനുമതി (നിരാക്ഷേപ സാക്ഷ്യപത്രം) കർശനമായും വാങ്ങിയിരിക്കണം.
3. പരിശീലനം / ഇന്റേൺഷിപ്പ് എന്നിവയ്ക്കായി വരുന്ന പരിശീലനാർത്ഥികളിൽ നിന്നും ഒരു നിശ്ചിത തുക (എച്ച്.എം.സി നിശ്ചയിക്കുന്ന തുക) ഈടാക്കാവുന്നതാണ്.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ അനുമതിയില്ലാതെ പരിശീലനം / ഇന്റേൺഷിപ്പ് എന്നിവ അനുവദിക്കുവാൻ പാടില്ല.

എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാരും മേൽ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതും ആശുപത്രി മേധാവികൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി**